# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 5184 **27.06.2019-ൽ മറുപടിയ്ക്ക്**

## വർക്കല പ്രകൃതി ചികിത്സ ആശുപത്രിയുടെ വികസനം

| ചോദ്യം<br>ശ്രീ.വി. ജോയി | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത -ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | തദ്ദേശീയരും വിദേശീയരുമായ അനവധിപേർ ചികിത്സയ്ക്ക് എത്തുന്ന വർക്കല പ്രകൃതി ചികിത്സ ആശുപത്രിയിലെ കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ളതിനെക്കാൾ മെച്ചപ്പെട്ട ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിനുമായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | നിലവിലുള്ളതിനെക്കാൾ മെച്ചപ്പെട്ട ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിനായി 6 കോടി 80 ലക്ഷം രൂപ പ്ലാൻ പദ്ധതിയിൽ വകയിരുത്തി മൂന്നു നില പേ വാർഡ് കെട്ടിട നിർമ്മാണം അന്തിമ ഘട്ടത്തിലാണ്.<br><br>2018-19 സാമ്പത്തിക വർഷം '2210-02-101-66 (പി) ഭാരതീയ ചികിത്സാ വകുപ്പ് സ്ഥാപനങ്ങളുടെ നിലവാരമുയർത്തലും ആധുനികവത്ക്കരണവും' എന്ന ശീർഷകത്തിൽ വർക്കല പ്രകൃതി ചികിത്സാ ആശുപത്രിയെ 100 കിടക്കകളായി ഉയർത്തുന്നതിനായി 10 ലക്ഷം രൂപ വകയിരുത്തി ഭരണാനുമതിയും നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ആശുപത്രിയിലെ കിടക്കകളുടെ എണ്ണം ഉയർത്തിക്കൊണ്ട് അധിക ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | വർക്കല പ്രകൃതി ചികിത്സ ആശുപത്രിയിൽ കെട്ടിടം പണി പൂർത്തിയാക്കി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയശേഷം അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ ഭാരതീയ ചികിത്സാ വകുപ്പ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ